**എൻ.ആർ.എച്ച്.എം. ഹോമിയോ ആയുർവ്വേദ ഡിസ്പെൻസറികളിലെ ദിവസവേതന അറ്റൻഡർമാർ**

145 (5497) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഹോമിയോ ആയുർവ്വേദ ഡിസ്പെൻസറികളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അറ്റൻഡർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഹോമിയോ ആയുർവേദ ഡിസ്പെൻസറികളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അറ്റന്റർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പദ്ധതി ചെലവ്**

146 (5498) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 -15 വർഷത്തെ മാർച്ച് 31-ന് അവസാനിക്കുമ്പോൾ പദ്ധതിയിനത്തിലെ ചെലവ് 36.73% മാത്രമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അപ്രകാരം സംഭവിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഉണ്ടായ വീഴ്ചയുടെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ മാർച്ച് 31 അവസാനിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിനത്തിലെ ചെലവ് 67.27% ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | ശതമാനം |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 67.04 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 83.69 |
| 3 | മുനിസിപ്പാലിറ്റി | 62.84 |
| 4 | കോർപ്പറേഷൻ | 52.61 |
| 5 | ഗ്രാമപഞ്ചായത്ത് | 67.38 |
| | ആകെ | 67.27 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോകസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റചട്ടം നിലവിലിരുന്നത്, ഇ-ടെണ്ടറിംഗ് പ്രക്രിയയിലേക്കുള്ള മാറ്റം, ഒട്ടേറെ പ്രാദേശിക തടസ്സങ്ങൾ എന്നിവ ചെലവ് ശതമാനം മുൻ വർഷത്തേക്കാൾ കുറയുവാൻ കാരണങ്ങളായിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിഭജനംമൂലമുള്ള പ്രശ്നങ്ങൾ**

147 (5499) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ദാസൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാർ രൂപം നൽകിയ ഏകീകൃത കേഡർ നയം ഉപേക്ഷിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദോഷകരമായി മാറി എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഗ്രാമവികസനം, പഞ്ചായത്ത്, നഗരസഭകൾഎന്നിവ തമ്മിൽ വേർപ്പെടുത്തിയതും വകുപ്പുകൾ മൂന്ന് മന്ത്രിമാരുടെ കീഴിലായതും, അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിൽ പരാജയപ്പെട്ടതും ,അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്കും വികസനത്തിനും വിഘാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2-4-2011 മുതൽ പ്രാബല്യത്തിൽവരത്തക്ക വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പിൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിലേക്ക് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും 26-2-2011-ന് സ.ഉ.(കൈ) നമ്പർ 61/2011/ത.സ്വ.ഭ.വ. പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം രൂപം നൽകിയ ഏകീകൃത കേഡർ നയം ഉപേക്ഷിക്കുവാനായി സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly